# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 13.05.2026 മുതൽ 17.05.2026 വരെ)

## കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.കെ.ഡി. - 38/2026 | തീയ്യതി: 12/05/2026 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിൻറെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 18.3 | 33.8 – 35.1 | 25.0 – 28.2 | 70 - 90 | 00- 00 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 13-05-2026 | 14-05-2026 | 15-05-2026 | 16-05-2026 | 17-05-2026 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 2 | 4 | 12 | 15 | 14 |
| കൂടിയതാപനില, °C | 35 | 35 | 35 | 35 | 35 |
| കുറഞ്ഞതാപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 80 | 80 | 80 | 80 | 80 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 70 | 70 | 70 | 70 | 70 |
| കാറ്റിൻറെ വേഗത, കി.മീ/മണിക്കൂർ | 3 | 3 | 4 | 3 | 3 |
| കാറ്റിൻറെ ദിശ, ഡിഗ്രി | 340 | 320 | 290 | 290 | 320 |
| മേഘവിന്യാസം, ഒക്ടാ | 7 | 7 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **നേരിയ മഴ **** | | |
| | മിതമായ അന്തരീക്ഷ ആർദ്രത ആയിരിക്കും. ആകാശം മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവ് അനുഭവപ്പെടും. | | |
| **അപായ സൂചന** | മെയ് 13 മുതൽ 17 വരെ നേരിയ മഴ.<br>മെയ് 14,15 ന് ഒറ്റപെട്ട ശക്തമായ മഴ | | |
| **ആഘാതം** | തുറന്ന സ്ഥലങ്ങളിൽ കാർഷിക ഉൽപ്പന്നങ്ങൾ ഉണക്കുന്നതിനുള്ള ബുദ്ധിമുട്ട്.<br>നീരൂറ്റിക്കുടിക്കുന്ന കീടങ്ങളുടെ ആക്രമണം ഉണ്ടായേക്കാം.<br>പകൽ സമയത്തെ ഉയർന്ന താപനില മണ്ണിൽ നിന്ന് ഉയർന്ന തോതിൽ ജലനഷ്ടം ഉണ്ടാകാൻ കാരണമാകും.<br>സൂര്യപ്രകാശം നേരിട്ട് പതിച്ചാൽ മനുഷ്യർക്കും മൃഗങ്ങൾക്കും പൊള്ളലേൽക്കുകയും ജീവഹാനി സംഭവിച്ചേക്കാം | | |
| **പൊതുനിർദ്ദേശങ്ങൾ** | മഴക്കുഴികളിൽ തൂർന്നു പോയവ വീണ്ടെടുക്കുക. വിളകളുടെ തടത്തിൽ കരിയിലകൾ ഉപയോഗിച്ച് പുതയിടുക.<br>വൃക്ഷ വിളകൾക്ക് വളം ചേർത്തതിന് ശേഷം മുഴുവനായും മൂടാത്ത തടങ്ങൾ നല്ല ജലസംഭരണികൾ കൂടിയാണ്. പറമ്പിൽ ഒലിച്ചു പോകുന്ന വെള്ളം ചാലുകൾ എടുത്തു ഇതിലേക്ക് തിരിച്ചു വിടുന്നത് നന്നായിരിക്കും.<br>കൊപ്ര, കശുവണ്ടി, വിത്തുകൾ റബർ എന്നിവ വെയിലത്തിട്ടു വെയിലത്തിട്ടു ഉണക്കുമ്പോൾ ജാഗ്രത വേണം. നേന്ദ്രൻ വാഴയ്ക്ക് താങ്ങുകൾ നൽകുക.<br>അന്തരീക്ഷ ഊഷ്മാവ് കൂടുതലുള്ള ദിവസങ്ങളിൽ പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക. | | |

| | | | |
|---|---|---|---|
| നെല്ല് (വിരുപ്പ്: ഒന്നാം വിളകാലം) | നിലമൊരുക്കൽ | നെൽപ്പാടത്തെ മണ്ണിലെ ഈർപ്പത്തിന്റെ അളവ് ഉഴുതുമറിക്കുന്നതിന് അനുയോജ്യമാണെങ്കിൽ, ഉഴുതുമറിക്കൽ പ്രവർത്തനങ്ങൾ ആരംഭിക്കാം. ആദ്യ ഉഴുതുമറിക്കുമ്പോൾ തന്നെ, പൊടിച്ച കാലിവളം/കമ്പോസ്റ്റ് അല്ലെങ്കിൽ പച്ചിലവളം (ഹെക്ടറിന് 5 ടൺ) മണ്ണിൽ ചേർക്കണം. | |
| വഴുതന, മുളക് | വിളകളുടെ നിലം ഒരുക്കലും നടീലും | ഉഴുതുമറിച്ചോ കുഴിച്ചോ നിലം നിലമൊരുക്കുക .നന്നായി ചീഞ്ഞ ജൈവ വളം മണ്ണിൽ ചേർക്കാം. ആഴം കുറഞ്ഞ കിടങ്ങുകളിലോ കുഴികളിലോ തൈകൾ നടാം. വേനൽക്കാലത്ത് പറിച്ചുനട്ട തൈകൾക്ക് 3-4 ദിവസം താൽക്കാലിക തണൽ നൽകുക. | |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി  | 1.വേപ്പിൻ പിണ്ണാക്ക് 250 ഗ്രാം+ 250 ഗ്രാം മണലുമായ് ചേർത്ത് ഏപ്രിൽ- മെയ്, സെപ്റ്റംബർ -ഒക്ടോബർ മാസങ്ങളിൽ ഓലക്കവിളുകളിൽ ഇടുക. 2.തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം 20 ഗ്രാം കാർടാപ് ഹൈഡ്രോക്ലോറൈഡ് 200 ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവശ്യം -ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. കൊഴിഞ്ഞുപോയ അടക്കകൾ നശിപ്പിച്ചു കളയുക . തെക്കു പടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്നതിന് മുമ്പായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| പയർ | വിവിധ ഘട്ടം | മണ്ഡരി  | സ്പൈറോമെസിഫെൻ (0.7മില്ലി/ലി) വെള്ളത്തിൽ കലക്കി ചെടിയുടെ ഇലകളിൽ തളിച്ച് കൊടുക്കുക. |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | കായീച്ച  | ഫിറമോൺ കെണി @2/ഏക്കർ തൂക്കിയിടുക. 10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി 40$m^2$ സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസര്
ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി